# Awareness Seminar Held

**Palakkad:** 'Viswas', (Victims Information Sensitisation Welfare and Assistance Society), a non-governmental organisation, conducted a one-day empowerment and awareness seminar for the girl students of Meenakshipuram region on Sunday. District Collector K Ramachandran, who is also the president of 'Viswas', inaugurated the function. He stressed the importance of empowering girls to achieve a good life with education and employment. He said steps would be initiated for the construction of a hostel for girl students of region.

Former District Governor of Lions Club International Soorya Prabha delivered the keynote address. She said unfortunate incidents in families could be avoided with proper education. She requested parents to give more attention to their children, especially on matters of education. Deputy District Medical Officer Prabhudas highlighted the need for proper health and hygiene for adolescent girls. ENS




മീനാക്ഷീപുരത്ത് വിശ്വാസിന്റെ നേതൃത്വത്തിൽ നടന്ന ജനസമ്പർക്ക പരിപാടിയും പെൺകുട്ടികളുടെ ശാക്തീകരണവും സംബന്ധിച്ച യോഗം ജില്ലാ കലക്ടർ കെ.രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

# ആദിവാസി പെൺകുട്ടികൾക്ക് മീനാക്ഷിപുരത്ത് ഹോസ്റ്റൽ

വണ്ടിത്താവളം ● ആദിവാസി പെൺകുട്ടികൾക്കായി മീനാക്ഷിപുരത്ത് ഹോസ്റ്റൽ നിർമിക്കുമെന്നു ജില്ലാ കലക്ടർ കെ. രാമചന്ദ്രൻ പ്രസ്താവിച്ചു. മീനാക്ഷിപുരത്ത് കൊല്ലപ്പെട്ട മണിമേഖലയുടെ ദുരവസ്ഥ ഇനിയൊരു പെൺകുട്ടിക്കും ഇല്ലാതിരിക്കാൻ ജില്ലാ ഭരണകൂടവും വിശ്വാസും ശ്രദ്ധിക്കും.

തോട്ടങ്ങളിലും മറ്റും അടിമകളെപ്പോലെ പണിയെടുക്കുന്ന ആദിവാസി സമൂഹത്തെ മോചിപ്പിക്കുമെന്നും ജില്ലാ കലക്ടർ പറഞ്ഞു. കുറ്റകൃത്യങ്ങൾക്കിരയാവുന്നവരെ സഹായിക്കുന്നതിനും ശാക്തീകരിക്കുന്നതിനും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന വിശ്വാസിന്റെയും പെരുമാട്ടി പഞ്ചായത്തിന്റെയും നേതൃത്വത്തിൽ മീനാക്ഷിപുരത്ത് നടത്തിയ ജനസമ്പർക്ക പരിപാടിയും പെൺകുട്ടികളെ ശാക്തീകരിക്കുന്നതിനുള്ള അവബോധ ക്ലാസും ഉദ്ഘാടനം ചെയ്യുകയായിരുന്നു ജില്ലാ കലക്ടർ.

പെരുമാട്ടി പഞ്ചായത്ത് പ്രസിഡന്റ് കെ. സുരേഷ് അധ്യക്ഷത വഹിച്ചു.

# മീനാക്ഷിപുരത്ത് ജനസമ്പർക്കപരിപാടിയും സെമിനാറും ഇന്ന്

**പാലക്കാട്:** മീനാക്ഷിപുരം മേഖലയിലെ പെൺകുട്ടികളെ ബോധവത്കരിക്കുന്നതിന്റെ ഭാഗമായി ഞായറാഴ്ച രാവിലെ 10ന് മീനാക്ഷിപുരം ഹൈസ്കൂളിൽ ബോധവത്കരണ ക്ലാസും ജനസമ്പർക്കപരിപാടിയും നടത്തും. കുറ്റകൃത്യങ്ങൾക്ക് ഇരയാവുന്നവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന 'വിശ്വാസ്' പെരുമാട്ടി ഗ്രാമപ്പഞ്ചായത്തിന്റെ സഹകരണത്തോടുകൂടിയാണ് പരിപാടി നടത്തുന്നത്. കളക്ടർ കെ. രാമചന്ദ്രൻ പരിപാടി ഉദ്ഘാടനം ചെയ്യും. ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് കെ. സുരേഷ് അധ്യക്ഷനാകും.

പെൺകുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയാനും വിദ്യാലയങ്ങളിൽനിന്ന് കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കാനും നടത്തുന്ന പരിപാടിയിൽ 20 പട്ടികവർഗ കോളനികളിൽനിന്നുള്ള പെൺകുട്ടികളും രക്ഷിതാക്കളും പങ്കെടുക്കും. പരിപാടിയിൽ പൊതുജനങ്ങളിൽനിന്ന് പരാതി സ്വീകരിക്കും.



ആദിവാസികൾക്കായി നടത്തിയ ജനസമ്പർക്ക പരിപാടിയിൽ കലക്ടർ കെ. രാമചന്ദ്രൻ പരാതി സ്വീകരിക്കുന്നു

# ആദിവാസികൾക്കായി കലക്ടറുടെ ജനസമ്പർക്കം

വണ്ടിത്താവളം ● മീനാക്ഷിപുരത്ത് ആദിവാസികൾക്കായി നടത്തിയ ജനസമ്പർക്ക പരിപാടി കലക്ടർ കെ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. പെരുമാട്ടി പഞ്ചായത്ത് പ്രസിഡന്റ് കെ. സുരേഷ് അധ്യക്ഷത വഹിച്ചു. റേഷൻകാർഡ്, വിവിധ ക്ഷേമ പദ്ധതികൾ സംബന്ധിച്ച പരാതികൾ ഉടൻ തീർപ്പാക്കാൻ വകുപ്പ് ഉദ്യോഗസ്ഥർക്കു നിർദേശം നൽകി.

ഭൂമിക്കു നികുതി ഈടാക്കുന്നില്ലെന്ന പരാതിയിൽ കലക്ടർ തഹസിൽദാരോട് വിശദീകരണം ആവശ്യപ്പെട്ടു. കുടിവെള്ളം, റോഡ്, ഭൂമി, പട്ടയം എന്നിവയുമായി ബന്ധപ്പെട്ട പരാതികളുമെത്തി.

കുറ്റകൃത്യങ്ങൾക്കിരയാകുന്നവരെ സഹായിക്കാനും ശാക്തീകരിക്കാനും പ്രവർത്തിക്കുന്ന 'വിശ്വാസി'ന്റെ നേതൃത്വത്തിൽ ആദിവാസി പെൺകുട്ടികൾക്കു ബോധവൽക്കരണ ക്ലാസ് നടത്തി. ഗവ. പ്ലീഡർ അഡ്വ. സൂര്യപ്രഭ ക്ലാസ് നയിച്ചു.

അഡ്വ. ശാന്തിദേവി, ജില്ലാ ഡപ്യൂട്ടി മെഡിക്കൽ ഓഫിസർ ഡോ. പ്രഭുദാസ്, ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർ സുഗത, ചൈൽഡ് ലൈൻ അംഗം കുര്യാക്കോസ്, അഡീ. പബ്ലിക് പ്രോസിക്യൂട്ടർ പ്രേമാനന്ദ്, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# ആദിവാസി പെൺകുട്ടികൾക്ക് ഹോസ്റ്റൽ: ചുമതല നൽകി

വണ്ടിത്താവളം ● ആദിവാസി പെൺകുട്ടികൾക്കായി മീനാക്ഷിപുരത്ത് നിർമിക്കാനുദ്ദേശിക്കുന്ന ഹോസ്റ്റലിന് സ്ഥലം കണ്ടെത്താൻ മൂലത്തറ വില്ലേജ് ഓഫിസർ, സ്കൂൾ പ്രധാന അധ്യാപകൻ, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരെ കലക്ടർ ചുമതലപ്പെടുത്തി. വിശ്വാസിന്റെ നേതൃത്വത്തിൽ നടന്ന ജനസമ്പർക്ക പരിപാടിയും പെൺകുട്ടികളുടെ ശാക്തീകരണവും സംബന്ധിച്ച യോഗത്തിലായിരുന്നു തീരുമാനം. ഗവ. പ്ലീഡർ അഡ്വ. സൂര്യപ്രഭ വിഷയാവതരണം നടത്തി. ആദിവാസി പെൺകുട്ടികളെ ശാക്തീകരിക്കേണ്ട ആവശ്യകതയെ സംബന്ധിച്ച് അഡ്വ. ശാന്തി ദേവി, ജില്ലാ ഡപ്യൂട്ടി മെഡിക്കൽ ഓഫിസർ ഡോ. പ്രഭുദാസ്, ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർ ചിറ്റൂർ സുഗത, ചൈൽഡ്‌ലൈൻ അംഗവും വിശ്വാസ് ഭാരവാഹിയുമായ കുര്യാക്കോസ്,

അഡീ. പബ്ലിക് പ്രോസിക്യൂട്ടർ പ്രേമാനന്ദ്, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ബിജു എസ്. രാജൻ, താലൂക്ക് സപ്ലൈ ഓഫിസർ സുമ, ജില്ലാ പട്ടികജാതി/വർഗ വകുപ്പ് ഓഫിസർ പി.ആർ. മുരളീധരൻ, സ്കൂൾ പ്രധാനാധ്യാപകൻ ഡേവിഡ്, തുടങ്ങിയവർ പങ്കെടുത്തു. ഭൂമി, പട്ടയം, വിവിധ ക്ഷേമ പദ്ധതികൾ, പരാതികൾ, റേഷൻകാർഡ് തുടങ്ങിയ ആവശ്യങ്ങളുമായി ആദിവാസികളായ കുടുംബങ്ങൾ കലക്ടറുടെ നേതൃത്വത്തിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ എത്തി 120 പരാതികളാണു ജനസമ്പർക്ക പരിപാടിയിൽ ലഭിച്ചത്. ആദിവാസികൾ തങ്ങളുടെ അനുഭവങ്ങളും പ്രശ്നങ്ങളും സംബന്ധിച്ചു വസന്തി, പെരിയസ്വാമി, കറുപ്പസ്വാമി, ഭാനുമതി, മണി മേഖലയുടെ മാതാവ് ലക്ഷ്മി, സഹോദരൻ കാർത്തിക് എന്നിവരും വേദിയിൽ എത്തിയിരുന്നു.

## മീനാക്ഷിപുരത്ത് ജനസമ്പർക്ക പരിപാടിയും സെമിനാറും ഇന്ന്

പാലക്കാട്: മീനാക്ഷിപുരംമേഖലയിലെ പെൺകുട്ടികളെ ബോധവത്കരിക്കുന്നതിന്റെ ഭാഗമായി ഞായറാഴ്ച രാവിലെ 10ന് മീനാക്ഷിപുരം ഹൈസ്കൂളിൽ ബോധവത്കരണ ക്ലാസും ജനസമ്പർക്കപരിപാടിയും നടത്തും.

കുറ്റകൃത്യങ്ങൾക്ക് ഇരയാവുന്നവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന 'വിശ്വാസ്' പെരുമാട്ടി ഗ്രാമപ്പഞ്ചായത്തിന്റെ സഹകരണത്തോടുകൂടിയാണ് പരിപാടി നടത്തുന്നത്. കളക്ടർ കെ. രാമചന്ദ്രൻ പരിപാടി ഉദ്ഘാടനംചെയ്യും. ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് കെ. സുരേഷ് അധ്യക്ഷനാകും.

പെൺകുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയാനും വിദ്യാലയങ്ങളിൽനിന്ന് കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കാനും നടത്തുന്ന പരിപാടിയിൽ 20 പട്ടികവർഗ കോളനികളിൽനിന്നുള്ള പെൺകുട്ടികളും രക്ഷിതാക്കളും പങ്കെടുക്കും. പരിപാടിയിൽ പൊതുജനങ്ങളിൽനിന്ന് പരാതി സ്വീകരിക്കും.

# ആദിവാസികൾ അടിമപ്പണി ഉപേക്ഷിക്കണം -കളക്ടർ

ചിറ്റൂർ: ആദിവാസികൾ തോട്ടങ്ങളുടെ അടിമപ്പണി ഒഴിവാക്കി സ്വതന്ത്രമായി ജീവിക്കാൻ തയ്യാറാകണമെന്നും അതിനുവേണ്ട സഹായങ്ങൾ ജില്ലാഭരണകൂടം നൽകുമെന്നും കളക്ടർ കെ. രാമചന്ദ്രൻ പറഞ്ഞു. ആദിവാസികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന 'വിശ്വാസ്', പെരുമാട്ടി ഗ്രാമപ്പഞ്ചായത്ത് എന്നിവയുടെ ആഭിമുഖ്യത്തിൽ മീനാക്ഷിപുരം സ്കൂളിൽ നടന്ന ബോധവത്കരണ ക്ലാസും ജനസമ്പർക്ക പരിപാടിയും ഉദ്ഘാടനം ചെയ്യുകയായിരുന്നു കളക്ടർ.



മീനാക്ഷിപുരം ഹൈസ്കൂളിൽ ആദിവാസികൾക്കായി നടന്ന ബോധവത്കരണ സെമിനാർ കളക്ടർ കെ. രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

ആദിവാസി പെൺകുട്ടികളുടെ സുരക്ഷിതത്വം കണക്കിലെടുത്ത് മീനാക്ഷിപുരത്ത് അവർക്കായി ഹോസ്റ്റൽ നിർമിക്കുമെന്നും അതിനുള്ള ഭരണാനുമതി ലഭിച്ചതായും കളക്ടർ പറഞ്ഞു. ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് കെ.സുരേഷ് അധ്യക്ഷനായി. 'കുട്ടികളുടെ സുരക്ഷിതത്വം: രക്ഷിതാക്കളുടെ ചുമതല' എന്ന വിഷയത്തിൽ മുൻ ഗവ.പ്ലീഡർ അഡ്വ. സ്വയംപ്രഭ ക്ലാസെടുത്തു. എ.ഇ.ഒ. സുഗത, ആരോഗ്യവകുപ്പ് ഡെപ്യൂട്ടി ഡി.എം.ഒ. ഡോ. പ്രഭുദാസ്, പബ്ലിക് പ്രോസിക്യൂട്ടർ പ്രേംനാഥ്, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഷാജി എസ്. രാജൻ, ആദിവാസി ട്രൈബ്യൂണൽ ഓഫീസർ മുരളീധരൻ, മീനാക്ഷിപുരം ഹൈസ്കൂൾ പ്രധാനാധ്യാപകൻ ഡേവിസ് എന്നിവർ പ്രസംഗിച്ചു. സെമിനാറിൽ ആദിവാസി ഊരുകളിൽനിന്ന് സ്ത്രീകളടക്കം 250 ഓളം പേർ പങ്കെടുത്തു.